ഏലത്തോട്ടങ്ങളിലും തേയിലത്തോട്ടങ്ങളിലും പഴയ ചെടികൾ മാറ്റി പുതിയവ വച്ചുപിടിപ്പിയ്ക്കൽ പദ്ധതി

81 (1135) ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏലത്തോട്ടങ്ങളിലും തേയിലത്തോട്ടങ്ങളിലുമുള്ള ഏലച്ചെടികളും തേയിലച്ചെടികളും വളരെ പ്രായംചെന്നവയാണോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ നീക്കം ചെയ്ത് പുതിയ ഏലച്ചെടികളും തേയിലച്ചെടികളും വച്ചുപിടിപ്പിക്കുവാൻ പദ്ധതിയുണ്ടോ ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തേയിലത്തോട്ടങ്ങളിലെ ചെടികൾ ഏറിയപങ്കും പ്രായംചെന്നവയാണ്. എന്നാൽ ഏലത്തോട്ടങ്ങളിൽ തോട്ടമുടമകൾ പുനർകൃഷി (റീപ്ലാന്റിംഗ്) നടത്തുന്നതുകാരണം ഏലച്ചെടികൾ പ്രായം ചെന്നവയല്ല.

(ബി & സി) ഇക്കാര്യത്തിൽ കൃഷിവകുപ്പ് പ്രത്യേകിച്ച് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

അടയ്ക്കാ കർഷകരുടെ നിവേദനങ്ങൾ

82 (1136) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അടയ്ക്കാകൃഷിക്കാരുടെ വിവിധ ആവശ്യങ്ങൾ അടങ്ങിയ നിവേദനങ്ങളിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അടയ്ക്കാ കൃഷിക്കാർക്ക് കാംകോമുറയ്ക്ക് നൽകിവരുന്ന സബ്സിഡി മുഴുവനും നൽകിയിട്ടില്ലെങ്കിൽ മുഴുവൻ തുകയും നൽകി നിർത്തിവച്ച സബ്സിഡി പുനരാരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ അടയ്ക്കാകർഷകരുടെ വിവിധ ആവശ്യങ്ങൾ അടങ്ങിയ നിവേദനങ്ങളിൽ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

1. സബ്സിഡി അനുവദിക്കുക.
2. കൊട്ടടയ്ക്കക്ക് തുലാത്തിന് (20 കിലോ) ചുരുങ്ങിയത് 3000 രൂപയെങ്കിലും താങ്ങ് വില പ്രഖ്യാപിക്കുക.
3. കാംകോയുടെ സംഭരണം വിപുലീകരിക്കുക.
4. സഹകരണമേഖലയിലോ പൊതുമേഖലയിലോ ഒരു അടയ്ക്കാ സംസ്കരണശാല ആരംഭിക്കുക.
5. റവന്യൂ റിക്കവറി നടപടികൾ നിർത്തിവെയ്ക്കുക.
6. കർഷകർ എടുത്തിട്ടുള്ള ഹൗസ് ലോൺ ഉൾപ്പെടെയുള്ള എല്ലാതരത്തിലുള്ള ലോണുകളും ഒന്നിച്ച് ചേർത്ത് ഒറ്റ ലോണായി തിരിച്ചടയ്ക്കുന്നതിന് 3 വർഷത്തെ അവധി പലിശ 6 ശതമാനമായി കുറച്ച് 10 തുല്യവാർഷിക ഗഡുക്കളായി അടയ്ക്കാൻ സൗകര്യം നൽകുക.
7. കാർഷികോൽപ്പന്നങ്ങൾ നിത്യോപയോഗ വസ്തുക്കളായതിനാൽ കൃഷി സംബന്ധമായ എല്ലാ ലോണുകളും, എൻ. പി. എ. നിബന്ധനകളുടെ പരിധിക്ക് പുറത്ത് കൊണ്ടുവരിക.
8. റബ്ബർ ബോർഡ്, നാളികേര വികസന ബോർഡ്, സപ്ലൈസ് ബോർഡ് എന്നിവയ്ക്ക് തുല്യമായി അടയ്ക്ക ബോർഡ് സ്ഥാപിക്കുക.
9. നിലവിലുള്ള തീയറ്റർ സിസ്റ്റം ഒഴിവാക്കി ലോണിനുള്ള ഫണ്ട് നബാർഡോ ആർ. ബി. ഐ. യോ നേരിട്ട് പ്രൈമറി കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷൻ നൽകുകയും ഭാരിച്ച പലിശ നിരക്ക് കുറയ്ക്കുകയും ചെയ്യുക.
10. അടയ്ക്ക ഇറക്കുമതിയിൽമേൽ സേഫ്ഗാർഡ് ഡ്യൂട്ടി ചുമത്തുക.
11. മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ഒരു അടയ്ക്ക സംഭരണകേന്ദ്രം ആരംഭിക്കുക.
12. കിലോയ്ക്ക് 50 രൂപയെങ്കിലും വില നൽകി കാംകോ വഴി അടയ്ക്ക സംഭരിക്കുക.
13. മാഹാളി രോഗത്തിന് മരുന്ന് തളിക്കുന്നതിന് തുരിശും നീറ്റുകക്കയും കർഷകർക്ക് സൗജന്യമായി നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

14. സംഭരണവില കർഷകർക്ക് ലഭ്യമാക്കുക.

15. സംഭരണവില കിലോയ്ക്ക് 100 രൂപയാക്കി വർദ്ധിപ്പിക്കുക.

(ബി) അടയ്ക്കാ സംഭരണത്തിനായി ഇതിനകം 8 കോടി രൂപ കാംപ്കോയ്ക്ക് നൽകിക്കഴിഞ്ഞു. ബാക്കിയുള്ള 1.50 കോടി രൂപ സംഭരണം സംബന്ധിച്ച കൃഷിഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് വാങ്ങിയതിനുശേഷം എത്രയും വേഗം നൽകുന്നതാണ്.

കശുമാവ് കൃഷി വ്യാപിപ്പിക്കാൻ നടപടി

83 (1137) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഫാക്ടറികൾക്ക് ആവശ്യമായ കശുവണ്ടി സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കശുമാവ് കൃഷി ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ തീരുമാനം നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതു സംബന്ധമായ നിയമനിർമ്മാണം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കശുമാവിൽ തോട്ടങ്ങളെ ഭൂപരിഷ്ക്കരണ നിയമത്തിലെ ഭൂപരിധി ഒഴിവാക്കാൻ സംബന്ധിച്ച 1963-ലെ ഭൂപരിഷ്ക്കരണ നിയമത്തിന്റെ 81-ാം വകുപ്പിൽ കശുമാവിൽ തോട്ടങ്ങളെ ഉൾക്കൊള്ളിക്കാനും 82-ാം വകുപ്പിൽ കശുമാവ് എസ്റ്റേറ്റ് ആയി മാറ്റുന്നതിന് സാധൂകരണം നൽകാനുമുള്ള നിയമ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു.

(സി) എത്രയും വേഗം നിയമനിർമ്മാണം നടത്തുന്നതാണ്.

കശുമാവു കൃഷി വികസിപ്പിക്കാൻ നടപടി

84 (1138) ശ്രീ. എ. എ., അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുമാവു കൃഷിയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly